


c
m
y
k



# ഇസ്‌ലാം ഒറ്റനോട്ടത്തിൽ

## ■ ഇസ്‌ലാമും മുസ്‌ലിംകളും

ഇസ്‌ലാം എന്ന പദത്തിനർഥം സമാധാനം, കീഴ്‌വണക്കം, അനുസരണം എന്നൊക്കെയാണ്. അന്ത്യപ്രവാചകനായ മുഹമ്മദ്നബിക്ക് ദൈവം അവതരിപ്പിച്ചു കൊടുത്ത അധ്യാപനങ്ങളും മാർഗനിർദേശങ്ങളും മനുഷ്യൻ പൂർണമായും സ്വീകരിക്കുക എന്നതാണ് ഇസ്‌ലാം എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത്.

ദൈവത്തിന് പൂർണമായി സമർപ്പിച്ചുകൊണ്ട്, ദൈവം അവതരിപ്പിച്ചു തന്ന സന്ദേശവും പ്രവാചക നിർദേശങ്ങളുമനുസരിച്ച് ജീവിക്കുന്നവനാണ് മുസ്‌ലിം. അതേ അടിസ്ഥാനത്തിൽ മനുഷ്യസമൂഹത്തെതന്നെ രൂപപ്പെടുത്തിയെടുക്കാനും ഒരു മുസ്‌ലിം ശ്രമിക്കും.

മുഹമ്മദീയ മതം (Mohammadanism) എന്നത് ഇസ്‌ലാമിന് യോജിച്ച പേരല്ല. അല്ലാഹു എന്നത് ജഗന്നിയന്താവിന്റെ അറബിയിലുള്ള നാമമാണ്. ബഹുവചനമോ സ്ത്രീലിംഗരൂപമോ ഇല്ലാത്ത ഒരു അറബി പദമാണത്.

## ■ സന്ദേശത്തിന്റെ തുടർച്ച

ഇസ്‌ലാം ഒരു പുതിയ മതമല്ല, മറിച്ച് അത് സകല പ്രവാചകന്മാർക്കും ദൈവം അവതരിപ്പിച്ചു കൊടുത്ത അതേ സന്ദേശം തന്നെയാണ്.

“പറയുക: ഞങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുന്നു. ഞങ്ങൾക്ക് അവതീർണമായതിലും വിശ്വസിക്കുന്നു. ഇബ്രാഹിം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, യഅ്ഖൂബ് സന്തതികൾ എന്നിവർക്കവതരിപ്പിക്കപ്പെട്ടിരുന്ന ശാസനകളിലും; മൂസ, ഈസ എന്നിവർക്കും ഇതര പ്രവാചകവര്യന്മാർക്കും അവരുടെ നാഥങ്കൽ നിന്ന് അവതരിച്ചിട്ടുള്ള മാർഗദർശനങ്ങളിലും ഞങ്ങൾ വിശ്വസിക്കുന്നു.അവരിൽ ആരോടും ഞങ്ങൾ വിവേചനം കൽപ്പിക്കുന്നി

ല്ല. ഞങ്ങൾ അല്ലാഹുവിന് വഴിപ്പെട്ട മുസ്‌ലിംകളാണ്" (ഖുർആൻ.3: 84)

മുഹമ്മദ്നബിക്ക് ദൈവം അവതരിപ്പിച്ചുകൊടുത്ത സന്ദേശം ഇസ്‌ലാമിന്റെ ഏറ്റവും സമഗ്രവും സമ്പൂർണവും അന്തിമവും ആയ രൂപമാണ്.

## ■ ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങൾ

താഴെ കൊടുത്തിരിക്കുന്നവയെ ഇസ്‌ലാമിന്റെ അഞ്ച് തൂണുകളായി കണക്കാക്കുന്നു.

### 1-വിശ്വാസ പ്രഖ്യാപനം

അല്ലാഹു അല്ലാതെ മറ്റാരും പൂർണമായ കീഴ്‌വണക്കം അർഹിക്കുന്നില്ലെന്നും അന്ത്യദിനം വരെ സകല ജനങ്ങൾക്കുമായി അവതരിച്ച സന്ദേശ വാഹകനാണ് മുഹമ്മദ്നബിയെന്നും വിശ്വാസത്തോടെ ഏറ്റുപറയുക.തദനുസാരം പ്രവാചകന്റെ ജീവിത മാതൃക പിൻപറ്റേണ്ടത് ഓരോ മുസ്‌ലിമിന്റെയും ബാദ്ധ്യതയാണ്.

### 2-നമസ്കാരം

ദിവസം അഞ്ചു നേരം സർവേശ്വരനു മുമ്പിൽ നിശ്ചിത രൂപത്തിൽ അനുഷ്ഠിക്കേണ്ട ഒരു ആരാധനാ ക്രമമാണ് നമസ്കാരം. ഇത് ഈശ്വരാർപ്പണം ദൃഢമാക്കാനും ഉന്നതമായ ധാർമികത കൈവരിക്കാനും വിശ്വാസികളെ സജ്ജരാക്കുന്നു. ഒപ്പം, ഹൃദയത്തെ ശുദ്ധീകരിക്കാനും തിന്മയിൽ നിന്നും മ്ലേഛ പ്രവർത്തികളിൽനിന്നും അകന്നു നിൽക്കാനും സഹായിക്കുന്നു.

### 3-നിർബന്ധ ദാനം (സകാത്ത്)

സമ്പത്തിൽ നിന്ന് ഒരു നിശ്ചിത വിഹിതം നിർബന്ധമായും ദാരിദ്രോച്ചാടനത്തിനും ജനനന്മയ്ക്കുമായി ദൈവമാർഗത്തിൽ ചെലവഴിക്കുക എന്നതാണ് സകാത്തുകൊണ്ടുള്ള വിവക്ഷ.

### 4-വ്രതാനുഷ്ഠാനം

റമദാൻ മാസത്തിൽ മുസ്‌ലിംകൾ പകൽസമയം മുഴുവൻ ഭക്ഷണ പാനീയങ്ങളും ദേഹേച്ഛകളും വർജിക്കണം. മാത്രമല്ല, ദുഷ്ചിന്തകളിൽ നിന്നും ദുർവികാരങ്ങളിൽ നിന്നും മുക്തരാവുകയും വേണം.എന്നാലേ വ്രതം പൂർത്തിയാവൂ. സ്നേഹം, ആത്മാർഥത, അർപ്പണം, ത്യാഗസന്നദ്ധത എന്നീ ഗുണങ്ങൾ വ്രതം മുഖേന ഊട്ടിയുറപ്പിക്കുന്നു. അതോടൊപ്പം സമൂഹബോധം, സഹനം, നിസ്വാർഥത, ഇച്ഛാശക്തി എന്നിവ വളർത്തിയെടുക്കാനും സഹായിക്കുന്നു.



### 5-മക്കയിലേക്കുള്ള തീർഥയാത്ര (ഹജ്ജ്)

സാമ്പത്തികമായും ശാരീരികമായും കഴിവുള്ള ഓരോ മുസ്‌ലിമും തന്റെ ജീവിത കാലത്ത് ഒരിക്കലെങ്കിലും അനുഷ്ഠിക്കേണ്ട തീർഥയാത്രയാണ് ഹജ്ജ്.

മേൽപ്പറഞ്ഞ പഞ്ചസ്തംഭങ്ങളെക്കൂടാതെ, ദൈവപ്രീതി കാംക്ഷിച്ചുകൊണ്ട് മനുഷ്യൻ ചെയ്യുന്ന ഓരോ സൽപ്രവൃത്തിയും ദൈവാരാധന തന്നെയാണ്. ദൈവത്തിന്റെ ഏകത്വത്തിലും പരമാധികാരത്തിലുമുള്ള വിശ്വാസം ഇസ്‌ലാം നിർബന്ധമാക്കിയ കാര്യമാണ്.പ്രപഞ്ചത്തിന്റെ അർഥമെന്തെന്നും പ്രപഞ്ചത്തിൽ മനുഷ്യനുള്ള സ്ഥാനമെന്തെന്നും ഈ വിശ്വാസം മനുഷ്യർക്ക് ബോധ്യം നൽകുന്നു. അത് മനുഷ്യമനസ്സിലുള്ള ഭയാശങ്കകളും അന്ധവിശ്വാസങ്ങളും നിർമാർജനം ചെയ്യുന്നു. സർവശക്തനായ അല്ലാഹുവിന്റെ സർവസാന്നിദ്ധ്യം സംബന്ധിച്ചും മനുഷ്യന് അവനുമായുള്ള കടപ്പാടുകളെ സംബന്ധിച്ചും അത് ബോധമുളവാക്കുന്നു.

വിശ്വാസം പ്രവൃത്തിയിലൂടെ പ്രകടമാകേണ്ടതും പരീക്ഷണങ്ങളെ അതിജീവിക്കേണ്ടതുമാണ്. കേവലം വിശ്വാസം മാത്രം മതിയാവുകയില്ല. സ്രഷ്ടാവും സർവലോക പരിപാലകനുമായ പരാശക്തിയുടെ പരമാധികാരത്തിൻ കീഴിൽ സകല മനുഷ്യരെയും ഒരൊറ്റ കുടുംബമായി കാണാൻ ഏകദൈവ വിശ്വാസം നമ്മെ പ്രേരിപ്പിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട ജനത എന്ന സങ്കൽപത്തെ ഇസ്‌ലാം നിരാകരിക്കുന്നു. മറിച്ച്, അത് ദൈവത്തിലുള്ള വിശ്വാസത്തെയും സൽക്കർമങ്ങളെയും സ്വർഗത്തിലേക്കുള്ള പാതയായി കാണുന്നു. ആ വിധം, ഒരു മധ്യവർത്തിയുടെയും സഹായമില്ലാതെ ദൈവവുമായി നേരിട്ടു ബന്ധം സ്ഥാപിക്കാൻ മനുഷ്യനോടാവശ്യപ്പെടുന്നു.

## ■ മനുഷ്യന്റെ പ്രവർത്തനസ്വാതന്ത്ര്യം

ദൈവത്തിന്റെ ഏറ്റവും ഉത്തമസൃഷ്ടി മനുഷ്യനാണ്. ഏറ്റവും ഉന്നതമായ കഴിവുകളും സാധ്യതകളും അവനിൽ ദൈവം നിക്ഷിപ്തമാക്കിയിരിക്കുന്നു. സ്വന്തം ഇച്ഛയിലും പ്രവൃത്തിയിലും മനുഷ്യന് ആപേക്ഷികമായി സ്വാതന്ത്ര്യമുണ്ട്. ദൈവം ശരിയായ പാത അവന് കാണിച്ചു കൊടുത്തിരിക്കുന്നു.പ്രവാചകജീവിതം ഏറ്റവും സമ്പൂർണമായ ജീവിത മാതൃകയും നൽകിയിരിക്കുന്നു. ഇവരണ്ടും പിൻപറ്റുന്നതിലാണ് മനുഷ്യന്റെ രക്ഷയും വിജയവും കുടികൊള്ളുന്നത്.

മനുഷ്യവ്യക്തിത്വത്തിന്റെ പാവനത്വം ഇസ്‌ലാം പഠിപ്പിക്കുന്നു. വംശ-വർണ-ലിംഗ വ്യത്യാസങ്ങൾക്കതീതമായി എല്ലാവർക്കും ഇസ്‌ലാം തുല്യാവകാശങ്ങൾ വകവെച്ചുകൊടുക്കുന്നു. ഖുർആനിലും പ്രവാചക ജീവിതത്തിലും വെളിവാക്കപ്പെട്ടിരിക്കുന്ന ദൈവിക നിയമം എല്ലാ കാര്യത്തിലും അന്തിമമാണ്. അത്, ഏറ്റവും ഉയർന്നവനും താഴ്ന്നവനും ഭരണാധിപനും ഭരണീയനും ഒരു പോലെ ബാധകമാണ്.

## ■ ഖുർആനും ഹദീസും

ദൈവത്തിൽ നിന്ന് ഏറ്റവും ഒടുവിൽ അവതരിപ്പിക്കപ്പെട്ട സന്ദേശമാണ് ഖുർആൻ. അതാണ് ഇസ്‌ലാമികാധ്യാപനങ്ങളുടെയും നിയമങ്ങളുടെയും അടിസ്ഥാന സ്രോതസ്സ്. വിശ്വാസം, ധാർമികത, മനുഷ്യചരിത്രം, ആരാധന, വിജ്ഞാനം, മനുഷ്യനും ദൈവവുമായുള്ള ബന്ധം, മാനുഷികബന്ധങ്ങൾ എന്നീ രംഗങ്ങളിൽ ഉത്തമ വ്യവസ്ഥകൾ രൂപീകരിക്കാനാവശ്യമായ സമഗ്രാധ്യാപനങ്ങൾ ഖുർആൻ തരുന്നു.

മുഹമ്മദ്നബി നിരക്ഷരനായിരുന്നു.എന്നിട്ടും അദ്ദേഹത്തിന് വെളിപാടിലൂടെ ലഭിച്ച ഖുർആൻ ഹൃദിസ്ഥമാക്കി. സ്വന്തം മേൽനോട്ടത്തിൽ അനുയായികളെക്കൊണ്ട് സ്വജീവിത കാലത്തുതന്നെ രേഖപ്പെടുത്തി വയ്പിച്ചത് അദ്ദേഹം തന്നെയായിരുന്നു. ഖുർആൻ മൗലികവും സമ്പൂർണവുമായ രൂപത്തിൽ അതു വെളിപ്പെടുത്തിയ ഭാഷയിൽ ഇന്നും നിലനിൽക്കുന്നു. വ്യത്യസ്ത ഭാഷകളിലുള്ള അതിന്റെ പരിഭാഷകൾ വ്യാപകമായി ഉപയോഗിക്കപ്പെടുന്നു.

ഹദീസ് എന്നറിയപ്പെടുന്ന നബി വചനങ്ങളുടെയും പ്രവർ



ത്തനങ്ങളുടെയും റിപ്പോർട്ടുകൾ അദ്ദേഹത്തിന്റെ സഹചാരികളാൽ വസ്തുനിഷ്ഠമായി ശേഖരിക്കപ്പെട്ടവയാണ്. അവ ഖുർആനികാശയങ്ങൾക്ക് വിശദീകരണവും വ്യാഖ്യാനവും നൽകുന്നു.

## ■ ആരാധന എന്ന ആശയം

കേവലം അനുഷ്ഠാനത്തിനു വേണ്ടിയുള്ള അനുഷ്ഠാനമോ ആചാരത്തിന് വേണ്ടിയുള്ള ആചാരമോ ഇസ്‌ലാം പഠിപ്പിക്കുന്നില്ല. ഇസ്‌ലാമിലെ അനുഷ്ഠാനങ്ങൾ ലക്ഷ്യബോധത്തോടെ രൂപപ്പെടുത്തിയവയാണ്. ഓരോ പ്രവൃത്തിക്കും പിന്നിൽ ഒരു ഉദ്ദേശ്യമുണ്ട്. അവ്വിധം ഉദ്ദേശ്യപൂർണമായ പ്രവൃത്തിക്കാണ് പ്രാധാന്യം. ദൈവാരാധന എന്നാൽ ദൈവത്തെ അറിഞ്ഞ് സ്നേഹിക്കുക, അവന്റെ നിയമങ്ങൾ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും പാലിക്കുക, നന്മ പ്രോത്സാഹിപ്പിക്കുക, തിന്മ തടയുക, നീതി നടപ്പാക്കുക, ജനങ്ങളെ സഹായിക്കുക, അങ്ങനെ ദൈവത്തെ സ്നേഹിക്കുക എന്നതാണ്. ഈ ആശയം, ഏറ്റവും ഉദാത്തമായ രീതിയിൽ ഖുർആൻ അവതരിപ്പിക്കുന്നു.

“നിങ്ങൾ പശ്ചിമദിക്കിലേക്കോ പൂർവ്വദിക്കിലേക്കോ മുഖം തിരിക്കുക എന്നതല്ല പുണ്യം. മനുഷ്യൻ ദൈവത്തിലും അന്ത്യനാളിലും മലക്കുകളിലും വേദത്തിലും പ്രവാചകന്മാരിലും ആത്മാർഥമായി വിശ്വസിക്കുകയും ദൈവത്തോടുള്ള സ്നേഹത്തിന്റെ പേരിൽ തന്റെ പ്രിയപ്പെട്ട ധനം, ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും യാത്രക്കാരനും സഹായമർഥിക്കുന്നവർക്കും അടിമകളെ മോചിപ്പിക്കുന്നതിനും ചെലവഴിക്കുകയും നമസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയുമാകുന്നു പുണ്യം. കരാർ ചെയ്താൽ അത് പാലിക്കുകയും പ്രതിസന്ധികളിലും വിപത്തുകളിലും സത്യാസത്യസംഘട്ടനവേളയിലും സഹനമവലംബിക്കുകയും ചെയ്യുന്നവരല്ലോ പുണ്യവാന്മാർ. അവരാകുന്നു സത്യവാന്മാർ. അവർ തന്നെയാകുന്നു ഭക്തന്മാരും.” (ഖുർആൻ. 2:177)

## ■ ഇസ്‌ലാമിക ജീവിതരീതി

ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും എല്ലാവരും പാലിക്കേണ്ട വ്യക്തമായ മാർഗ നിർദേശങ്ങൾ ഇസ്‌ലാം നൽകുന്നു. ഈ മാർഗനിർദേശങ്ങൾ സമഗ്രമാണ്. അവ സാമൂഹികവും സാമ്പത്തി

കവും രാഷ്ട്രീയവും ധാർമികവും ആത്മീയവുമായ സകല ജീവിത മേഖലകളെയും ചൂഴ്ന്നു നിൽക്കുന്നു. ഭൂമിയിൽ മനുഷ്യന്റെ ജീവിത ലക്ഷ്യമെന്തെന്നും തന്നോടുതന്നെയും തന്റെ ബന്ധുമിത്രാദികളോടും സമൂഹത്തോടും സഹജീവികളോടും സ്രഷ്ടാവിനോടുമുള്ള കടമകളെന്തെന്നും ഇസ്‌ലാം മനുഷ്യനെ ഉണർത്തുന്നു. ഉദ്ദേശ്യപൂർണമായ ഒരു ജീവിതത്തെസ്സംബന്ധിച്ച അടിസ്ഥാന നിർദേശങ്ങൾ മനുഷ്യന് നൽകുന്നതോടൊപ്പം, ഈ ഉന്നതാദർശം സാക്ഷാൽക്കരിക്കുന്നതിന് അസ്തിത്വത്തിന്റെ വെല്ലുവിളി നേരിടുന്ന മനുഷ്യരെ സജ്ജരാക്കുകയും ചെയ്യുന്നു.

### ■ ചരിത്ര വീക്ഷണം

മുഹമ്മദ്നബി അറേബ്യയിലെ മക്കയിൽ ജനിച്ചു. ഒരു കുലീന കുടുംബത്തിലെ അംഗമായിരുന്നു അദ്ദേഹം. നാൽപതാം വയസ്സിലായിരുന്നു അദ്ദേഹത്തിന് ആദ്യത്തെ വെളിപാടു കിട്ടിയത്. ഇസ്‌ലാം പ്രബോധനം ചെയ്യാനാരംഭിച്ചതോടെ, അദ്ദേഹത്തിനും അനുയായികൾക്കും കഠിനമായ പീഡനങ്ങൾ ഏൽക്കേണ്ടി വന്നു. അതിനാൽ മക്കയിൽ നിന്ന് മദീനയിലേക്ക് പലായനം ചെയ്യാൻ ദൈവം അദ്ദേഹത്തോടു കൽപിച്ചു. 23 വർഷക്കാലംകൊണ്ട് പ്രവാചക ദൗത്യം അദ്ദേഹം പൂർത്തീകരിക്കുകയും തുടർന്ന് 63-ാം വയസ്സിൽ മരണമടയുകയും ചെയ്തു. അദ്ദേഹത്തിന്റെ ജീവിതം ഖുർആനികാധ്യാപനങ്ങളുടെ സഫലീകരണമായിരുന്നതിനാൽ സകല മനുഷ്യർക്കും മാതൃകയായി ഭവിക്കുന്നു.

### ■ ഇസ്‌ലാമിന്റെ യുക്തിഭദ്രത

ഋജുവും സ്പഷ്ടവുമായ രീതിയിൽ സത്യം പ്രകടിപ്പിക്കുന്ന ഇസ്‌ലാമിന് ഒരു സത്യാന്വേഷകനെസ്സംബന്ധിച്ചിടത്തോളം പ്രത്യേക പ്രസക്തിയുണ്ട്. ജീവിതത്തിന്റെ സകല പ്രശ്നങ്ങൾക്കുമുള്ള പരിഹാരമാണത്. സർവശക്തനായ സ്രഷ്ടാവും കരുണാനിധിയും പരിപാലകനുമായ ദൈവത്തെ എല്ലാ വിധത്തിലും വാഴ്ത്തുന്ന ഉത്തമവും സമ്പൂർണവുമായ മാർഗദർശനമാണ് ഇസ്‌ലാം.

### ■ ഇസ്‌ലാം ആധുനികപ്രശ്നങ്ങളുടെ പരിഹാരം

**മനുഷ്യ സാഹോദര്യം:** ആധുനിക മനുഷ്യൻ നേരിടുന്ന



ഇന്നത്തെ ഒരു പ്രധാന പ്രശ്നം ജാതീയതയും വംശീയതയുമാണ്. മനുഷ്യൻ ചന്ദ്രനിലെത്തി. എന്നാൽ അവന് പരസ്പരം വെറുക്കാതിരിക്കാനോ യുദ്ധം ചെയ്യാതിരിക്കാനോ കഴിയുന്നില്ല. വംശീയത എങ്ങനെ പരിഹരിക്കണമെന്ന് 1400 വർഷങ്ങൾക്കു മുമ്പ് ഇസ്‌ലാം കാണിച്ചുതന്നു. ഓരോ വർഷവും ഹജ്ജ് വേളയിൽ വംശ-വർഗ-വർണ-ദേശ ഭേദമന്യേ എല്ലാ രാജ്യക്കാരും സാഹോദര്യം പങ്കുവെക്കുന്ന അതുല്യ ദൃശ്യം ഇസ്‌ലാമിലേ കാണൂ.

**കുടുംബം:** മനുഷ്യനാഗരികതയുടെ അടിസ്ഥാന ഘടകമായ കുടുംബം ഇന്ന് പാശ്ചാത്യനാടുകളിൽ ശിഥിലമായിക്കൊണ്ടിരിക്കുന്നു. ഇസ്‌ലാമിന്റെ കുടുംബ ഘടനയിൽ പുരുഷന്റെയും സ്ത്രീയുടെയും കുട്ടികളുടെയും അവകാശങ്ങളുടെ ആരോഗ്യകരമായ ഒരു സന്തുലിതത്വം ദൃശ്യമാണ്. സുസംഘടിതമായ ഇസ്‌ലാമിക കുടുംബ വ്യവസ്ഥയിൽ നിസ്വാർഥതയും ഔദാര്യവും സ്നേഹവും ഊട്ടി വളർത്തപ്പെടുന്നു.

**ഏകാത്മക ജീവിതവീക്ഷണം:** മനുഷ്യർ അവരുടെ ജീവിത വീക്ഷണമനുസരിച്ചാണ് ജീവിക്കുന്നത്. മതനിരപേക്ഷ സമൂഹങ്ങളുടെ ദുരന്തം ജീവിതത്തിന്റെ വ്യത്യസ്ത വശങ്ങളെ അനുരഞ്ജിപ്പിക്കുന്നതിൽ പരാജയപ്പെടുന്നു എന്നതാണ്. അവരുടെ ദൃഷ്ടിയിൽ മതപരവും മതേതരവും, ശാസ്ത്രീയവും ആത്മീയവും പരസ്പര വിരുദ്ധമാണ്.എന്നാൽ ഇസ്‌ലാം ഈ വൈരുദ്ധ്യം അവസാനിപ്പിച്ചുകൊണ്ട് മനുഷ്യന്റെ ജീവിത വീക്ഷണത്തിന് ഭദ്രതയും ഏകാത്മകതയും നൽകുന്നു.

**കൂടുതൽ അറിയുവാൻ**
**ബന്ധപ്പെടുക.**

**K.I.M. P.B.No:48, I.S.T.Building, M.P.Road.**
**Kozhikkode. 673001**
**E-mail: kimcalicut@gmail.com**